A

# സമഗ്രശിക്ഷാ കേരളം
## പാദവാർഷിക മൂല്യനിർണ്ണയം 2024–2025

502

## മലയാളം
## കേരളപാഠാവലി

ക്ലാസ് : 5

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

**കാട്**

കാട്ടിലുണ്ട് പാട്ടു തേടും
കാട്ടുപൂവിൻ മാനസം
പൂവിലുണ്ട് മൂളിയെത്തും
വണ്ടു തേടും തേൻകണം
കാട്ടുവള്ളികൾ നൃത്തമാടും
കാറ്റിലുണ്ട് പൂമണം
കുഞ്ഞുമൈന പാട്ടിലല്ലോ
മുളകളാടും ഈണം
മാനം തേടും മാമലകൾ
മഴ നനഞ്ഞ് ആടും,
ആന നരികൾ കൂട്ടമായ്
തേടിയെത്തും അരുവി.

*എ.വി. രഘു*

1. തേൻകണം തേടിയെത്തുന്നതാര്?

   (കാറ്റ്, കാട്ടുവള്ളി, വണ്ട്, പാട്ട് ).

2. കാട്ടുപൂവിന്റെ മാനസം അന്വേഷിക്കുന്നതാരെ?

   (കാടിനെ, പാട്ടിനെ, പൂവിനെ, തേൻകണത്തെ)

3. ആരുടെ പാട്ടിലാണ് മുളകളാടുന്ന ഈണമുള്ളത് ?

   (കുഞ്ഞുമൈനയുടെ, മഴയുടെ, അരുവിയുടെ, പൂവിന്റെ)

4. മാമലകൾ മഴ നനഞ്ഞാടും എന്നതുകൊണ്ട് കവി അർഥമാക്കുന്നതെന്ത്?

   (വണ്ടിൻ കൂട്ടങ്ങൾ മൂളിയെത്തുന്നത്, ആന നരികൾ കൂട്ടമായെത്തുന്നത്, മഴയത്ത് മാമലയിലെ മരങ്ങളാടുന്നത്, വണ്ടു തേടുന്നത് )

5. ആന നരികൾ കൂട്ടമായ് തേടിയെത്തുന്നതെന്തിനെ?

(കാട്ടുപൂവിനെ, പൂമണത്തെ, അരുവിയെ, മാമലയെ)

**പ്രവർത്തനം 2 സംഭാഷണം**

(എ) "തുള്ളിപ്പാഞ്ഞു വരുന്ന മഴ
തുള്ളിക്കൊരു കുടമെന്ന മഴ
കൊള്ളാമിമ്മഴ കൊള്ളരുതിമ്മഴ
കൊള്ളാം കൊള്ളാം പെയ്യട്ടെ"

- കുഞ്ഞുണ്ണി

മഴയെക്കുറിച്ച് കുഞ്ഞുണ്ണിമാഷിന്റെ കവിത വായിച്ചില്ലേ.
പെയ്തിറങ്ങുന്ന മഴയോട് നിങ്ങളെന്തൊക്കെ ചോദിക്കും?
നിങ്ങളും മഴയും തമ്മിലുള്ള സംഭാഷണം തയ്യാറാക്കുക.

ഞാൻ : ഹായ്, മഴേ.... ഞാൻ കാത്തിരിക്കുകയായിരുന്നു
മഴ : ഒന്നു പെയ്യാൻ ഞാനും
ഞാൻ : ..............................................
മഴ : ..............................................
..............................................
..............................................

**(ബി)** മഴക്കാഴ്ച തിരഞ്ഞെടുത്തെഴുതുക

(പാടത്ത് സ്വർണ്ണവെയിൽ പരക്കുന്നു, ആകാശത്ത് വെൺമേഘങ്ങൾ ഒഴുകുന്നു, മുറ്റത്ത് കുഞ്ഞരുവികൾ രൂപം കൊള്ളുന്നു)

**പ്രവർത്തനം 3 ആസ്വാദനക്കുറിപ്പ്**

**എത്ര കിളിയുടെ പാട്ടറിയാം**

പറഞ്ഞു നോക്കുക വെറുതേ, നിങ്ങൾ -
ക്കെത്ര കിളിയുടെ പാട്ടറിയാം?
എത്ര മരത്തിൻ തണലറിയാം?
എത്ര പുഴയുടെ കുളിരറിയാം?
എത്ര പഴത്തിൻ രുചിയറിയാം?
എത്ര പൂവിൻ മണമറിയാം?
അറിഞ്ഞിടുമ്പോളറിയാം നമ്മൾ-
ക്കറിയാനൊത്തിരി ബാക്കി!
ഒത്തിരിയൊത്തിരി ബാക്കി!

***പി.മധുസൂദനൻ***

കവിതാഭാഗത്തിന്റെ ആശയം വായിച്ചു മനസ്സിലാക്കിയില്ലേ.
ആസ്വാദനം തയ്യാറാക്കുക.

പ്രവർത്തനം 4 കുറിപ്പ്

പാഠഭാഗത്ത് നിങ്ങൾ ധാരാളം കടങ്കഥകൾ പരിചയപ്പെട്ടു. കടങ്കഥകളുടെ ഭാഷയും ഒളിഞ്ഞിരിക്കുന്ന ആശയത്തിന്റെ ഭംഗിയുമൊക്കെ തിരിച്ചറിയുകയും ചെയ്തു.


നിങ്ങൾക്കു പരിചിതമായ രണ്ടു കടങ്കഥകൾ നോക്കൂ.

(i) അക്കരെ നിൽക്കും തുഞ്ചാണി
ഇക്കരെ നിൽക്കും തുഞ്ചാണി
കൂട്ടി മുട്ടും തുഞ്ചാണി – *ഉത്തരം: കൺപീലി*

(ii) ആയിരം തിരിയിട്ടു കത്തിച്ച പൊൻവിളക്ക്
അന്തിയായപ്പോളണഞ്ഞു പോയി – *ഉത്തരം: സൂര്യൻ*

ഈ കടങ്കഥകൾക്ക് ഇങ്ങനെ ഉത്തരം ലഭിയ്ക്കാനുള്ള കാരണമെന്തായിരിയ്ക്കും. ഒരെണ്ണം വിശദീകരിച്ച് കുറിപ്പ് എഴുതുക.

പ്രവർത്തനം 5 ജീവചരിത്രക്കുറിപ്പ്




(എ) ചിത്രം വിശകലനം ചെയ്ത് വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ച് ജീവചരിത്ര ക്കുറിപ്പ് തയ്യാറാക്കുക. അധികവിവരണങ്ങൾ ഉൾപ്പെടുത്തുമല്ലോ.

(ബി) വൈക്കം മുഹമ്മദ് ബഷീറുമായി ബന്ധപ്പെട്ടത്

(പൊതിച്ചോറ്, ആകാശമിഠായി, റിക്ഷാക്കാരൻ പപ്പു)

പ്രവർത്തനം 6        വിവരണം

(എ) വീട്ടിലോ വിദ്യാലയത്തിലോ യാത്രകൾക്കിടയിലോ നിങ്ങൾ മനോഹരമായ പൂന്തോട്ടങ്ങൾ കണ്ടിട്ടുണ്ടാകും. പല നിറങ്ങളിലുള്ള പൂക്കളും ശലഭങ്ങളും കിളികളുമൊക്കെ നിങ്ങളുടെ ശ്രദ്ധയാകർഷിച്ചിട്ടുമുണ്ടാകാം. നിങ്ങൾ കണ്ട ഒരു പൂന്തോട്ടത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.

(ബി) ഒരു നാട്ടുപൂവിന്റെ പേരെഴുതുക

(ഡാലിയ, മുക്കുറ്റി, ഓർക്കിഡ്)